# കേരള സർവകലാശാല

നം.പി.ആർ.27/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 നവംബർ – ഡിസംബറിലും 2019 ജനുവരിയിലും നടത്തിയ ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ ബി.എസ്.ഡബ്ല്യൂ പരീക്ഷയുടെ പ്രാക്ടിക്കൽ 2019 ഫെബ്രുവരി 15 മുതൽ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 ഒക്ടോബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം സപ്ലിമെന്ററി) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷ 2019 ഫെബ്രുവരി 8, 11 തീയതികളിൽ യൂനസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വടക്കേവിള, വിദ്യ അക്കാദമി ഓഫ് സയൻസ് ആന്റ് ടെക്നോളജി, കിളിമാനൂർ, സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, കാട്ടായിക്കോണം, ലൂർദ് മാതാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, കുറ്റിച്ചൽ എന്നീ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.സി.എ ഡിഗ്രി കോഴ്സിന്റെ (2016 അഡ്മിഷൻ റെഗുലർ & 2013 – 2015 അഡ്മിഷൻ സപ്ലിമെന്ററി) പ്രാക്ടിക്കൽ ഫെബ്രുവരി 11 ന് അതതു കോളേജുകളിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### വൈവ – വോസി

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2019 ഫെബ്രുവരി 14 ന് നടത്താനിരുന്ന എം.എ ഇംഗ്ലീഷ്, എം.എ ഇക്കണോമിക്സ് സപ്ലിമെന്ററി വൈവ – വോസി പരീക്ഷകൾ 2019 ഫെബ്രുവരി 21 ന് രാവിലെ 10 മണി മുതൽ തിരുവനന്തപുരം പാളയത്തുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### അദാലത്ത്

ഫെബ്രുവരി 7 ാം തീയതി 10.00 മണിക്ക് സിൻഡിക്കേറ്റ് റൂമിൽ നടത്താൻ തീരുമാനിച്ച പി.എച്ച്.ഡി തീസിസ് സമർപ്പണവുമായി ബന്ധപ്പെട്ട അദാലത്ത് അന്നേദിവസം പ്രാദേശിക അവധിയായി പ്രഖ്യാപിച്ചാലും മാറ്റമില്ലാതെ നടത്തുന്നതായിരിക്കും.

### പരീക്ഷാഫലം

2018 സെപ്റ്റംബർ/ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ റെഗുലർ ബി.ടെക് കോഴ്സ് കോഡിൽ വരുന്ന രണ്ടും നാലും സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

## ദേശീയ സെമിനാർ

വിദൂര വിദ്യാഭ്യാസ വിഭാഗം 'Changing Values and Trends in Indian Society and Culture'എന്ന വിഷയത്തെ അധികരിച്ച് ഫെബ്രുവരി 6 മുതൽ 8 വരെ സെനറ്റ് ചേമ്പറിൽ വച്ച് ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. ഈ സെമിനാറിൽ 40 ൽ പരം പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതാണ്. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഫെബ്രുവരി 6 ബുധനാഴ്ച രാവിലെ 9.30 ന് സെനറ്റ് ചേമ്പറിലെത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സൗജന്യമായിരിക്കും.

തിരുവനന്തപുരം.
05.02.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098